Reg. No.: ..............................

Name : ..................................

GOVT. BRENNEN COLLEGE LIBRARY

K17U 1882

**III Semester B.A./B.Sc. Degree (CBCSS-Supple./Imp.)**
**Examination, November 2017**
**COMMON COURSE IN MALAYALAM**
**3A 09 MAL : മലയാള കവിത**
**(2014-15 Admission)**

Time : 3 Hours  Max. Marks : 40

I. **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) പുരാണ കഥകൾ സ്വീകരിച്ചുകൊണ്ട് കുഞ്ചൻ നമ്പ്യാർ സാമൂഹിക വിമർശനം നടത്തുന്നതെങ്ങനെ ? ഉപന്യസിക്കുക.

2) 'ഒരൊറ്റമതമുണ്ടുലകന്നുയിരാം പ്രേമ,മതൊന്നല്ലോ' എന്ന് തുടങ്ങുന്ന കവിതയുടെ വർത്തമാനകാല പ്രസക്തി ചർച്ച ചെയ്യുക.

3) എഴുത്തച്ഛന്റെ വർണ്ണനാരീതി പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

4) 'അമ്മയും മകനും തുഞ്ചനും' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറ്** ചോദ്യങ്ങളിൽ നിന്നും **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) ''പരതന്ത്രതയോർത്തു കണ്ണുനീ –
രരിയോരുണ്ണികൾ തന്നെ നോക്കി നീ
ചൊരിയായ്ക; മൃഗേന്ദ്രവല്ലഭേ!
വരുമാപത്തുകളാർക്കുമൂഴിയിൽ'' – വിശദമാക്കുക.

6) 'ഭോഗങ്ങളെല്ലാം ക്ഷണപ്രഭാ ചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ
വഹ്നി സന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം' – ജീവിത ചിന്ത വിശദമാക്കുക.

P.T.O.

7) 'ശൈശവകാലത്തുണ്ടായീടിന
കൈതവമുണ്ടോ മാറീടുന്നു
ആയിരവർഷം കുഴലിലിരുന്നൊരു
നായുടെവാലു വളഞ്ഞേതീരൂ' –ആശയം വിശദീകരിക്കുക.

8) 'ഒടിച്ചു മടക്കിയ ആകാശം' എന്ന കവിതയിലെ പരിസ്ഥിതി ബോധം ചർച്ച ചെയ്യുക.

9) സ്ത്രീവാദത്തിന്റെ കരുത്ത് പ്രകടിപ്പിക്കുന്ന കവിതയാണ് 'ദേവാസുരം' – പരിശോധിക്കുക.

10) 'കഷ്ടമീ ബ്രഹ്മജ്ഞൻ തൻ സമദൃഗ്ജ്യോതിസ്സിലും
തട്ടിയോ, തവ നിഴൽ പാണ്ഡിത്യക്കെടുഗർവ്വേ' – സന്ദർഭമെഴുതി വിശദീകരിക്കുക.

**(4×3=12)**

III. **നൂറ്** വാക്കിൽ കവിയാതെ **ആറ്** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് കുറിപ്പെഴുതുക.

11) 'മുനിമാരും മുകരാത്ത സുഖചക്രവാളം
ഉണരുന്നു പുളകിതം മമജീവനാളം' എപ്പോൾ ? വിശദമാക്കുക.

12) 'കമ്പത്തെപ്പൂണ്ടുള്ള വമ്പുലിക്കൂട്ടങ്ങൾ
സംഭ്രമിച്ചോടിതേയങ്ങുമിങ്ങും' – എപ്പോൾ ? സന്ദർഭമെഴുതുക.

13) 'കണ്ണീരണിഞ്ഞു കുഗ്രാമ –
ലക്ഷ്മിനോക്കിയിരിക്കവെ
കേവഞ്ചികേറിപ്പോയോണ
വെണ്ണിലാവണിരാവുകൾ'' – ആസ്വാദനമെഴുതുക.

14) 'മുറ്റമടിക്കുമ്പോൾ' എന്ന കവിതയുടെ ആശയം സംഗ്രഹിക്കുക.

15) ''എമ്പ്രാനല്പം കട്ടുഭുജിച്ചാ
ലമ്പലവാസികളൊക്കെക്കക്കും'' – വ്യാഖ്യാനിക്കുക.

16) 'ചൂടാൻ മലരും ഘനമായ് ത്തോന്നിന ദോഹദകാലത്തിൽ
ച്ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി' – ദർശനമെഴുതുക. **(4×2=8)**



IV. താഴെ കൊടുത്തിരിക്കുന്ന **എട്ട്** ചോദ്യങ്ങളിൽ **ആറെണ്ണ**ത്തിന് **ഒറ്റ**വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

17) പ്രേമത്തിന്റെ ശത്രുവായ എന്തിനടിപ്പെട്ടാലാണ് അകാലമൃത്യുഫലമെന്ന് കവി പറയുന്നത് ?

18) 'കുല്ലർക്കെയവൾ നോക്കുമ്പോൾ പൂത്തു വിൺപിച്ചകച്ചെടി' – ആര് നോക്കിയപ്പോൾ ?

19) 'നിർന്നിമേഷാക്ഷനായ് നിൽപ്പതഹോ ഞാനിതം
നിൻ നർത്തനം എന്തത്ഭുത മന്ത്രവാദം' – ആരുടെ നർത്തനം ?

20) ''എങ്കൈയിലുള്ളൊരു വൻകുന്നിൻ കീഴിലേ
വന്നിങ്ങു നൂഴുവിൻ നിങ്ങളെല്ലാം'' – വൻ കുന്നേത് ?

21) 'അഗ്രജൻ തന്നെപ്പരിചരിച്ചെപ്പൊഴു –
മഗ്രേ നടന്നു കൊള്ളേണം പിരിയാതെ' – ആര്, ആരോട് പറയുന്നു ?

22) 'കൊച്ചിയിലെ വൃക്ഷങ്ങൾ' ആരുടെ കവിതയാണ് ?

23) 'ചിന്താവിഷ്ടയായ സീത' എന്ന കാവ്യം എഴുതിയതാര് ?

24) 'നീണ്ട കവിതകള്ള്'ടെ രചയിതാവാര് ? **(6×1=6)**

---